**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2486** **15-10-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായങ്ങളും പ്രായോഗിക ഗവേഷണ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായങ്ങളും പ്രായോഗിക ഗവേഷണ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം ദുർബലമായിത്തീരുന്നത് സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; | (എ) | (എ), (ബി) & (സി)<br><br>വ്യവസായങ്ങളും പ്രായോഗിക ഗവേഷണ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുക സർക്കാരിന്റെ പ്രധാന ലക്ഷ്യമാണ്.<br><br>സാങ്കേതിക സർവ്വകലാശാലയുമായി സഹകരിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഇതനുസരിച്ച് വിവിധ സംരംഭങ്ങളുമായി ബന്ധപ്പെട്ട് സാങ്കേതികതലത്തിലും മാനേജ്മെന്റ് തലത്തിലും പരിഹരിക്കേണ്ട കാര്യങ്ങൾ കണ്ടെത്തുകയും സാങ്കേതിക സർവ്വകലാശാല വഴി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിന്റെ ഭാഗമായി അവ നൽകി കൊണ്ട് ആയത് പരിഹരിക്കു ന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്തുന്നതിന് ഗ്രാന്റ് അനുവദിച്ചു വരുന്നു. ഗവേഷണ പരിപാടിയിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ വിദ്യാർത്ഥിക്കും പരമാവധി 6 മാസത്തേയ്ക്ക് പ്രതിമാസം 10,000/- രൂപ ഗ്രാന്റ് അനുവദിക്കുന്നതാണ്. ആദ്യപടിയായി സാങ്കേതിക സർവ്വകലാശാലയുമായി ചേർന്ന് ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്.<br><br>വ്യവസായ ശാലകളുടെ നേതൃത്വത്തിൽ സെന്റർ ഫോർ എക്സലൻസസ് സർവ്വകലാശാലകളിൽ ആരംഭിക്കുന്നുണ്ട്. ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതികൾ രൂപപ്പെടുത്തിയിട്ടുണ്ടോ; | (ബി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത ഉദ്ദേശ്യത്തോടെ രൂപപ്പെടുത്തിയ പദ്ധതികളും അവയുടെ പുരോഗതിയും വ്യക്തമാക്കാമോ? | (സി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ